(ബി) 30-4-2001-ലെ കണക്ക് അനുസരിച്ച് സംസ്ഥാനത്തെ തൊഴിൽരഹിതരുടെ എണ്ണം 4201065 ആണ്.

ലേബർ അജണ്ട നടപ്പാക്കൽ

39 (1231) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാർ പ്രഖ്യാപിച്ച ലേബർ അജണ്ട നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ട്രേഡ് യൂണിയനുകളുടെ അഭിപ്രായം കണക്കിലെടുത്ത് ലേബർ അജണ്ട നടപ്പാക്കാൻ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ&ബി) ലേബർ അജണ്ടയിൽ പ്രതിപാദിക്കപ്പെട്ട മിക്ക കാര്യങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള "തൊഴിൽ നയം" ഈ സർക്കാർ നിയമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട്. ട്രേഡ് യൂണിയൻ നേതാക്കൾ, രാഷ്ട്രീയ പാർട്ടി നേതാക്കൾ തൊഴിലുടമ പ്രതിനിധികൾ തുടങ്ങിയവരുമായി വിശദമായി ചർച്ച നടത്തി അഭിപ്രായം സ്വരൂപിച്ചശേഷമാണ് തൊഴിൽനയത്തിന് അന്തിമരൂപം നൽകിയിട്ടുള്ളത്.

അസംഘടിത മേഖലയിലുള്ള പീടികത്തൊഴിലാളികൾക്ക് ക്ഷേമനിധി

40 (1232) ശ്രീ. ഷിബു ബേബി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അസംഘടിത മേഖലയിലുള്ള 19 ലക്ഷത്തോളം വരുന്ന പീടികത്തൊഴിലാളികൾക്ക് ക്ഷേമനിധി രൂപീകരിക്കുമെന്ന് പ്രഖ്യാപനം നടന്നിട്ട് ഒന്നരവർഷമായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ പൂർത്തിയായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ക്ഷേമനിധി എന്ന് നിലവിൽ വരുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്. കേരളത്തിലെ കടകളിലെയും വാണിജ്യ സ്ഥാപനങ്ങളിലെയും തൊഴിലാളികൾക്കായി ഒരു ക്ഷേമനിധി രൂപവൽക്കരിക്കുന്നതിനുള്ള കരട് ബിൽ തയ്യാറാക്കിയിട്ടുണ്ട്.

(സി) ഇത് ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly